സമർപ്പിക്കുകയുണ്ടായി. ടി ശുപാർശ സർക്കാർ അംഗീകരിച്ച് 3-4-2000-ലെ ജി.ഒ. (എംഎസ്.) 77/2000/ഹോം പ്രകാരം പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ടി ഉത്തരവനുസരിച്ച് 9 രൂപാ മുതൽ 23 രൂപ വരെ അവരുടെ തൊഴിലിന്റെ സ്വഭാവമനുസരിച്ച് തടവുകാർക്ക് നൽകിവരുന്നു.

(എഫ്) ജയിലിൽ നിലവിലുള്ള ഭക്ഷണക്രമം പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ജയിലിൽ നിലവിലുള്ള ഭക്ഷണക്രമങ്ങളെക്കുറിച്ച് പഠിച്ച് മെച്ചപ്പെട്ട ഭക്ഷണം ശുപാർശചെയ്യുന്നതിലേക്ക് ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറി അദ്ധ്യക്ഷയായി 14-3-2003 തീയതിയിലെ ജി.ഒ.(ആർ‌ടി.) 413/2003/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ സർക്കാർ നിയമിക്കുകയുണ്ടായി. ടി കമ്മിറ്റി അതിന്റെ ശുപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ടി ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

തിരുവനന്തപുരം വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗത്തിന്റെ പ്രവർത്തനം

57 [775] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. മോയിൻകുട്ടി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തേക്ക് നഴ്സിംഗ് ജോലിക്ക് പോകാൻ വന്ന നാല് യുവതികളുടെ യാത്ര, യാത്രാരേഖകളുണ്ടായിരുന്നിട്ടും തിരുവനന്തപുരം വിമാനത്താവളത്തിൽ എമിഗ്രേഷൻ അധികൃതർ തടഞ്ഞതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പരാതി സംബന്ധിച്ച് വാസ്തവ സ്ഥിതി അറിഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) എമിഗ്രേഷൻ അധികൃതർ മനഃപൂർവ്വം യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നത് തടയുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു?

ഉത്തരം

(എ—സി) പരാതി ലഭിച്ചിട്ടില്ല. എന്നാൽ 18-11-2003-ന് എയർ ഇൻഡ്യാ വിമാനം എ.ഐ. 915-ൽ ദമാമിലേക്ക് ജോലിക്കായി പോകാൻവന്ന 30 വയസ്സിനു താഴെ പ്രായമുള്ള 6 സ്ത്രീകളുടെ യാത്രാരേഖകൾ പരിശോധിച്ചതിൽ ടി യാത്രക്കാർ ഏതു ജോലിക്കാണ് പോകുന്നതെന്നുള്ള വിവരം അവരുടെ കൈവശമുള്ള അറബി ഭാഷയിലുള്ള വിസ പരിശോധിച്ചതിൽനിന്നും മനസ്സിലാക്കാൻ കഴിയാത്തതിനാൽ ടി വിസയുടെ ഇംഗ്ലീഷ് പരിഭാഷ കൊണ്ടുവരാൻ നിർദ്ദേശിച്ച് യാത്ര തടഞ്ഞിട്ടുണ്ട്. തുടർന്ന് 20-11-2003-ൽ ഗൾഫ് എയർ 463 വിമാനത്തിൽ യാത്ര ചെയ്യുന്നതിനുവേണ്ടി വിസ പരിഭാഷ ഉൾപ്പെടെയുള്ള മതിയായ യാത്രാരേഖകളുമായി മേൽപ്പറഞ്ഞവരെല്ലാം എത്തുകയും എല്ലാവരേയും എമിഗ്രേഷൻ ക്ലിയർ ചെയ്യുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരം എയർപോർട്ട് എമിഗ്രേഷൻ ഉദ്യോഗസ്ഥരിൽനിന്നും യാത്രക്കാർക്ക് മനഃപൂർവ്വമായ യാതൊരു ബുദ്ധിമുട്ടുകളും നാളിതുവരെ ഉണ്ടായിട്ടില്ല. എന്നാൽ യാത്രാരേഖകൾ കൃത്യമായി പരിശോധിച്ച് സംശയ ദൂരീകരണം വരുത്തിയതിനുശേഷം മാത്രമേ ക്ലിയർ ചെയ്യാറുള്ളൂ.

തലസ്ഥാനത്തെ മാലിന്യവിമുക്തമാക്കാൻ നടപടി

58 [776] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന, കിള്ളി ആറുകളും, പട്ടം, ഉള്ളൂർ, തെക്കനംകര, ആമയിഴഞ്ചാൻ തോടുകളും മനുഷ്യമാലിന്യങ്ങൾ കലർന്ന് മാരാണുക്കളെ സൃഷ്ടിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പാർവ്വതി പുത്തനാറിലെയും ആക്കുളം കായലിലെയും അതിമൂക്ഷമായ മലിനീകരണത്തെ തുടർന്ന് പരിസരത്തെ കിണർവെള്ളം ഉപയോഗരഹിതമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തലസ്ഥാന നഗരത്തിലെ പ്രധാന ആശുപത്രികളിലെ ഖര/ജല മാലിന്യങ്ങൾ ജലസ്രോതസ്സുകളെ ബാധിക്കില്ലെന്ന് ഉറപ്പാക്കാൻ സുതാര്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ആശുപത്രി മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) മോട്ടോർ വാഹനങ്ങളുണ്ടാക്കുന്ന മലിനീകരണം നിയന്ത്രണ വിധേയമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(എഫ്) പ്ലാസ്റ്റിക് വ്യാപനം തടയുന്നതിനുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുമോ;

(ജി) തലസ്ഥാന മേഖലയിലെ പരിസര ജലമലിനീകരണം നിയന്ത്രണവിധേയമാക്കാൻ എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(എച്ച്) തിരുവനന്തപുരം നഗരത്തിന്റെ മനോഹാരിത നിലനിറുത്താനും മലിനീകരണ സാദ്ധ്യതകൾ തടയാനും ഉന്നതതല സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. തലസ്ഥാന നഗരത്തിലെ ഗാർഹിക മലിനജല (സീവേജ്) ശേഖരണ-ശുദ്ധീകരണ-നിർമ്മാർജ്ജന സൗകര്യങ്ങളുടെ അപര്യാപ്തത നിമിത്തം തോടുകളും നദികളും മനുഷ്യ വിസർജ്ജ്യം നിമിത്തം മലിനപ്പെടുന്നതായി കണ്ടിട്ടുണ്ട്. മനുഷ്യ-മൃഗ വിസർജ്ജ്യത്തിൽ നിന്നുള്ള കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം ഈ ജലാശയങ്ങളിൽ ഉയർന്ന അളവിൽ കണ്ടിട്ടുണ്ട്. നഗരത്തിൽ ഏതാണ്ട് 25 ശതമാനം പ്രദേശത്ത് സീവേജ് ശേഖരണത്തിനായി ഭൂഗർഭ ഓട നിലവിലുണ്ടെങ്കിലും കുറ്റമറ്റ പമ്പിംഗ് സംവിധാനവും സീവേജ് ശുദ്ധീകരിക്കാനുള്ള ശാസ്ത്രീയമായ സംവിധാനവും നിലവിലില്ല. പമ്പിംഗ് സ്റ്റേഷനുകളിൽനിന്നും തൊട്ടടുത്ത തോടുകളിലേക്ക് സീവേജ്

LIBRARY ARCHIVES Kerala Legislative Assembly